# Desabhinani
# 28 August 2018
# Flood Relief Fund

## ദുരിതാശ്വാസനിധിയിലേക്ക് സഹായം നൽകി

**തിരുവനന്തപുരം**

പ്രളയബാധിതരെ സഹായിക്കാനായി ലക്ഷ്വറി കാർ നിർമാതാവായ മേഴ്സിഡസ് ബെൻസ് ഇന്ത്യയും കേരളത്തിലെ ഡീലർമാരായ ബ്രിഡ്ജ് വേ മോട്ടോഴ്സും രാജശ്രീ മോട്ടോഴ്സും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 30 ലക്ഷം രൂപ നൽകി. മേഴ്സിഡസ് ബെൻസ് ഇന്ത്യയുടെ മന്ദർ കുൽക്കർണി, ബ്രിഡ്ജ്വേ മോട്ടോഴ്സ് സിഇഒ ഷാജി വാമദേവൻ, രാജശ്രീ മോട്ടോഴ്സ് ജനറൽ മാനേജർ എസ് എൻ പ്രവീൺ എന്നിവർ ചേർന്ന് ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. കെ അൻസലൻ എംഎൽഎ സന്നിഹിതനായി.



മേഴ്സിഡസ് ബെൻസ് ഇന്ത്യയും കേരളത്തിലെ ഡീലർമാരായ ബ്രിഡ്ജ് വേ മോട്ടോഴ്സും രാജശ്രീ മോട്ടോഴ്സും ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്ന 30 ലക്ഷം രൂപയുടെ ചെക്ക് അധികൃതർ കൈമാറുന്നു

അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളുടെ സംഘടനയായ ഇന്ത്യൻ പേഴ്സണൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പത്തു ലക്ഷം രൂപ നൽകി. പ്രസിഡന്റ് സി എച്ച് അബ്ദുൾ റഹ്മാൻ, ജനറൽ സെക്രട്ടറി ഡോ. സുരേഷ്കുമാർ എന്നിവർ ചേർന്ന് മുഖ്യമന്ത്രിക്ക് ചെക്ക് കൈമാറി.

ബാംഗ്ലൂർ സിഗ്മ സോഫ്റ്റ് ടെക്പാർക്കിലെ ജെൻവർക്സ് ഹെൽത്ത് പ്രൈവറ്റ് ലിമിറ്റഡ് അഞ്ചു ലക്ഷം രൂപ നൽകി. ജെൻവർക്സ് ഹെൽത്ത് ഡയറക്ടർ മൺസൂർ അഹമ്മദ് മന്ത്രി കെ കെ ശൈലജയ്ക്ക് ചെക്ക് കൈമാറി.

ആർദ്രം മിഷൻ സ്റ്റേറ്റ് കൺസൾട്ടന്റും മുൻ ആരോഗ്യ വകുപ്പ് ഡയറക്ടറുമായ ഡോ. പി കെ ജമീല ഒരു ലക്ഷം രൂപ മന്ത്രി കെ കെ ശൈലജയ്ക്ക് കൈമാറി.

## ഡിവൈഎഫ്ഐ 10 ലക്ഷം സമാഹരിച്ചു

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

പ്രളയക്കെടുതിയെ അതിജീവിക്കാൻ പൊരുതുന്ന കേരളത്തിന് ഡിവൈഎഫ്ഐയുടെ വിവിധ സംസ്ഥാന കമ്മിറ്റികൾ പിരിച്ചെടുത്ത പത്തുലക്ഷം രൂപ കേന്ദ്രകമ്മിറ്റിക്ക് കൈമാറി. ഡൽഹിയിൽ ചേർന്ന കേന്ദ്രകമ്മിറ്റി യോഗത്തിൽ സംസ്ഥാന ഭാരവാഹികളിൽനിന്ന് അഖിലേന്ത്യാ പ്രസിഡന്റ് പി എ മുഹമ്മദ് റിയാസ് ഫണ്ട് ഏറ്റുവാങ്ങി. ജനറൽ സെക്രട്ടറി അഭോയ് മുഖർജി, ജോയിന്റ് സെക്രട്ടറി പ്രീതിശേഖർ, കേന്ദ്രകമ്മിറ്റി അംഗം എ എ റഹിം തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനം ഇതുവരെയില്ലാത്ത്ര രൂക്ഷമായ പ്രളയക്കെടുതി നേരിട്ടതോടെയാണ് സഹായധനശേഖരണത്തിന് ഡിവൈഎഫ്ഐ ആഹ്വാനം ചെയ്തത്. സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഉടൻ നൽകുമെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു.




ഡിവൈഎഫ്ഐ സമാഹരിച്ച തുക പ്രസിഡന്റ് പി എ മുഹമ്മദ് റിയാസ് ഏറ്റുവാങ്ങുന്നു. ജനറൽ സെക്രട്ടറി അഭോയ് മുഖർജി, ജോയിന്റ് സെക്രട്ടറി പ്രീതിശേഖർ, കേന്ദ്രകമ്മിറ്റി അംഗം എ എ റഹിം എന്നിവർ സമീപം